<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 537**</u> <u>**28-06-2022 - ൽ മറുപടിയ്ക്ക്**</u>

<u>**വർക്കല സബ്ട്രഷറി കെട്ടിടം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല സബ്ട്രഷറിക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | വർക്കല സബ് ട്രഷറി സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കി അവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 24/12/2019-ലെ GO Rt No.10130/2019/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ₹ 3,48,95,000/- രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾക്കായി 2,60,13,524/- രൂപയുടെ സാങ്കേതികാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും, നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. നിലവിൽ വർക്കല സബ് ട്രഷറിക്കായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലേക്ക് പുരോഗമിക്കുകയാണ്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിൽ എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഫർണിഷിങ്, കൗണ്ടർ നിർമ്മാണ പ്രവൃത്തികൾ, നെറ്റ് വർക്ക് ജോലികൾ എന്നിവ പൂർത്തിയാകേണ്ടതുണ്ട്. |
| (സി) | പ്രസ്തുത കെട്ടിടം അടിയന്തരമായി ഉദ്ഘാടനം ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം നൽകാമോ? | (സി) | പ്രസ്തുത സബ് ട്രഷറി കെട്ടിടത്തിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കി നിർവഹണ ഏജൻസി കെട്ടിടം കൈമാറുകയും പൊതുമരാമത്ത് വകുപ്പിൽ നിന്നും സ്റ്റോങ് റൂം ഫിറ്റ്നസ് ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഉദ്ഘാടനത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ